(ബി) ഓരോ റസ്റ്റ്ഹൗസിനും ലഭിച്ച പ്രൊപ്പോസലുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

മൂന്നാർ	. .	4
ആലുവ	. .	2
വൈക്കം	. .	2

(സി) രണ്ട്.

(ഡി) ബാധകമല്ല.

(ഇ) പ്രോജക്ട് ഇംപ്ലിമെന്റേഷനിലേയ്ക്കായി ആലുവ റസ്റ്റ്ഹൗസ് പരിസരത്ത് കൂടുതൽ സ്ഥലം അനുവദിക്കണം എന്നുള്ള കരാറുകാരന്റെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) അല്ല.

പാട്ടത്തിനു നൽകിയിട്ടുള്ള പി.ഡബ്ല്യു.ഡി റസ്റ്റ്ഹൗസുകൾ

106 [722] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസുകളാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) അവ ആർക്കെല്ലാമാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ; പാട്ടവ്യവസ്ഥപ്രകാരം ലഭിക്കുന്ന തുക എത്ര വീതമെന്നു വ്യക്തമാക്കുമോ;

(സി) റസ്റ്റ്ഹൗസുകൾ പാട്ടത്തിനു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളുടെ, കോപ്പി ലഭ്യമാക്കുമോ;

(ഇ) റസ്റ്റ്ഹൗസുകളോടനുബന്ധിച്ചുള്ള ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റസ്റ്റ്ഹൗസുകളുടെ ഭൂമിയാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസുകൾ പാട്ടത്തിനു നൽകിയിട്ടില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വൈക്കം, മൂന്നാർ, ആലുവ എന്നീ റസ്റ്റ്ഹൗസുകൾ തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ സംരംഭകർക്ക് റിനോവേറ്റ്-ഓപ്പറേറ്റ്-മെയിന്റെയിൻ-ട്രാൻസ്ഫർ (ROMT) വ്യവസ്ഥയിൽ ഏറ്റെടുത്ത് പുനരുദ്ധരിച്ച് നടത്തുന്നതിലേയ്ക്കായി കൈമാറിയിട്ടുണ്ട്.

(ബി) കൈമാറിയ റസ്റ്റ്ഹൗസുകളും അവ ഏറ്റെടുത്ത സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

മൂന്നാർ	..	മെസ്സേഴ്സ് മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ്
ആലുവ	..	ശ്രീ. എം. എൻ. സതീഷ്
വൈക്കം	..	ശ്രീ. എം. എൻ. സതീഷ്

കൺസഷൻ കരാർ പ്രകാരം കൺസഷന് കാലാവധിയിൽ ഓരോ റസ്റ്റ് ഹൗസുകളിൽ നിന്നും സർക്കാരിലേക്ക് ലഭിക്കേണ്ട മൊത്തം കൺസഷൻ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

മൂന്നാർ	..	350 ലക്ഷം രൂപ.
ആലുവ	..	97.65 ലക്ഷം രൂപ.
വൈക്കം	..	91.1 ലക്ഷം രൂപ.

(സി) ഒരു കൺസഷൻ കരാറിന്റെ അടിസ്ഥാനത്തിൽ റിനോവേറ്റ് ഓപ്പറേറ്റ് മെയിന്റയിൻ ട്രാൻസ്ഫർ വ്യവസ്ഥയിൽ പുനരുദ്ധരിച്ച് നടത്തുന്നതിലേയ്ക്കാണ് റസ്റ്റ്ഹൗസുകൾ സ്വകാര്യ സംരംഭകർക്ക് കൈമാറിയത്. ഇതിലേയ്ക്കായി രണ്ട് ഘട്ടമായിട്ടുള്ള തുറന്ന മത്സരയോഗ്യതാ നിർണ്ണയ രീതിയാണ് അവലംബിച്ചത്. പ്രഥമയോഗ്യതാ നിർണ്ണയത്തിനായി താൽപ്പര്യമുള്ള സ്വകാര്യ സംരംഭകരിൽ നിന്ന് പത്രപ്പരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും തുടർന്ന് പ്രവൃത്തി പരിചയം, സാമ്പത്തിക യോഗ്യത എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമ യോഗ്യതാനിർണ്ണയം നടത്തി. ഇങ്ങനെ തിരഞ്ഞെടുത്ത അപേക്ഷകരിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളാണ് പരിഗണിച്ചത്. റസ്റ്റ്ഹൗസുകളുടെ വാണിജ്യംമൂല്യം കണക്കാക്കിയതിനുശേഷം മുൻകൂട്ടി നിശ്ചയിച്ച തുകയ്ക്ക് മേലെ ഏറ്റവും കൂടിയ തുക ആരു നൽകുമോ അവരുമായി കരാർ എന്നതായിരുന്നു അടിസ്ഥാനം.

(ഡി) ഇതു സംബന്ധിച്ച കൺസഷൻ കരാറിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ഇ) മൂന്നാർ, ആലുവ, വൈക്കം, എന്നീ റസ്റ്റ്ഹൗസ് കെട്ടിടങ്ങളും അവയുൾപ്പെടുന്ന നിശ്ചിത ഭൂമിയും R.O.M.T. വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ സംരംഭകർക്ക് നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly